**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1491** **19-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | 2016-17 വർഷത്തെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നു; | (എ) | 2016-17 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 7.25 ലക്ഷം മെട്രിക് ടൺ ആയിരുന്നു. |
| (ബി) | 2019-20 ലെ പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നു; | (ബി) | 2019-20 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയിരുന്നു. |
| (സി) | പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു. 1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം 2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം 3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി: 4. ജില്ലാ ക്ലസ്റ്റർ വികസനം: 5. മഴമറ നിർമ്മാണം: 6. ഗ്രേഡഡ് |

| | | | |
|---|---|---|---|
| | | | ക്ലസ്റ്ററുകളുടെ വികസനം: 7. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം: 8. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം: 9. 'ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' 10. നല്ല കാർഷിക മുറകളും ജൈവകൃഷിയും 11. പി.കെ.വി.വൈ പദ്ധതി സമഗ്ര പച്ചക്കറി വികസന പദ്ധതിയ്ക്കുപരി 2020-21 വർഷത്തിൽ 'സുഭിക്ഷ കേരളം' എന്ന പദ്ധതിയിലൂടെയും 7,000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായവും പ്രോത്സാഹനവും നൽകി വരുന്നു. ഇതു കൂടാതെ കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിന് 'കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി' എന്ന പദ്ധതിയിലൂടെ 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. വില സ്ഥിരത കിട്ടുന്നതു മൂലം കർഷകർ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുവാൻ തല്പരരാകുകയും അതു വഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് ശരാശരി എത്ര മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരളത്തിലെ പച്ചക്കറിയുടെ ഉല്പാദനം 2015-16 വർഷത്തിൽ 6.28 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 2019-20 വർഷത്തിൽ 14.93 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുവാൻ സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ ഉല്പാദനം 16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ സർക്കാരിന്റെ കാലത്ത് 8 ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചു. |

സെക്ഷൻ ഓഫീസർ